**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1088** **14.01.2021 ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ചെല്ലംകാവ് കോളനിയിലെ വ്യാജമദ്യ ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.വി.ടി.ബൽറാം**<br>**ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കഞ്ചിക്കോട് ചെല്ലംകാവ് കോളനിയിൽ അഞ്ച് പേരുടെ മരണത്തിനിടയാക്കിയ വ്യാജമദ്യദുരന്തം സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | ക്രൈം നമ്പർ. 210/20, 211/20,212/20, 213/20, 214/20 u/s 304 IPC 3(2)(5) of SC/ST (Prevention of atrocities Act) പ്രകാരം പാലക്കാട് പോലീസ് ക്രൈംബ്രാഞ്ച് പ്രസ്തുത കേസിൽ വിശദമായ അന്വേഷണം നടത്തിവരുകയാണ്. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് കഞ്ചിക്കോട് സ്വദേശി ധനരാജിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | കോളനി നിവാസികളായ സ്ത്രീകൾ ഉൾപ്പെടെ ഉപയോഗിച്ച വ്യാജമദ്യം എവിടെനിന്നാണ് എത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (സി) | ഈ മേഖലയിൽ കോവിഡ് അടച്ചിടൽ കാലത്ത് പതിവായി വാറ്റ് നടന്നിരുന്നതായി വിവരം ലഭിച്ചിട്ടും അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് പരാതിയൊന്നും എക്സൈസ് വകുപ്പിൽ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരം വ്യാജമദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (ഡി) | ചെല്ലംകാവ്, എസ്.ടി.കോളനി ഉൾപ്പെടെ ജില്ലയിലെ എല്ലാ പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലും വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഊർജ്ജിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ടി കോളനികളിൽ നിരന്തരം റെയ്ഡുകളും, പരിശോധനകളും നടത്തി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ചെല്ലംകാവ് കോളനിയിൽ എക്സൈസ് വകുപ്പ്, പോലീസ്, ഫോറസ്റ്റ് ട്രൈബൽ ഡിപ്പാർട്ടുമെന്റുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിവരുന്നു. ചെല്ലംകാവ് കോളനി നിവാസികളെ സംഘടിപ്പിച്ച് കൗൺസിലിംഗും, ബോധവത്കരണ ക്ലാസ്സും പ്രത്യേകമായി നടത്തുന്നുണ്ട്. കൂടാതെ എല്ലാ ഞായറാഴ്ചകളിലും ചെല്ലംകാവ് അങ്കണവാടി കേന്ദ്രീകരിച്ച് കോളനി നിവാസികൾക്കായി വ്യക്തിത്വ വികസനവും, പി.എസ്.സി. പരിശീലന ക്ലാസ്സും എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ